# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3473.

11-12-2018 ൽ മറുപടിയ്ക്ക്

## കോൾനിലങ്ങളിൽ ഇരുപ്പൂകൃഷി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോൾനിലങ്ങളിൽ ഇരുപ്പൂകൃഷി നടത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനായി ഓപ്പറേഷൻ കോൾ ഡബിൾ എന്ന പദ്ധതി നടപ്പിലാക്കുന്നു. നെല്ല്-നെല്ല്, നെല്ല്-പച്ചക്കറി/ധാന്യങ്ങൾ/ പയറുവർഗ്ഗങ്ങൾ/ എള്ള് എന്നിവയാണ് ഓപ്പറേഷൻ കോൾ ഡബിൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനു ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പാടശേഖരങ്ങളിലാണ് ഇരുപ്പൂകൃഷി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നെല്ല്- നെല്ല് ഇരുപ്പൂകൃഷി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള പാടശേഖരങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. കാഞ്ഞാൺ കോൾ<br>2. ശ്രീരാമൻ ചിറ<br>3. പുറത്തൂർ കോൾപ്പടവ്<br>4. ചെറുകോൾ<br>5. തെക്കേ കൊഞ്ചിറ<br>6. പള്ളിപ്പുറം<br>7. എലവത്തൂർ കിഴക്ക്<br>8. ആലപ്പാട്<br>9. മണലൂർത്താഴം<br>10. വടക്കേപൊന്നോർതാഴം<br>11. പൊണ്ണമുത<br>12. പുള്ള്<br>13. വടക്കേ കൊഞ്ചിറ<br>14. മതുക്കര വടക്ക്<br>15. മണൽ പുഴ കണ്ണോത്ത്<br>16. പെരുവല്ലൂർ<br>17. സംഘം കോൾനോർത്ത്<br>18. തരിശ് കരിമ്പാടം<br>19. കരിമ്പാടം<br>20. മതുക്കര തെക്ക് |

| | | | |
|---|---|---|---|
| | | | രണ്ടാം വിളയായി പച്ചക്കറി/ ധാന്യങ്ങൾ/ പയറുവർഗ്ഗങ്ങൾ/ എള്ള് എന്നിവ കൃഷി ചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ള പാടശേഖരങ്ങളുടെ ലിസ്റ്റ്.<br><br>1. മനക്കൊടി വെളുത്തൂർ ഉൾപ്പാടം<br>2. എറവ് ആറുമുറി<br>3. ജയന്തി കോൾപ്പടവ്<br>4. വാരിയം കോൾപ്പടവ്<br>5. കുറുമ്പിലം പാടം<br>6. പഴുവിൽ ബണ്ട് റോഡ്<br>7. വെണ്ടറപ്പാടം<br>8. ഏലമുത<br>9. പടഞ്ഞാറേ കരിമ്പാടം<br>10. കിഴക്കേ കരിമ്പാടം<br>11. മതുക്കര തെക്ക്<br>12. പേനകം<br>13. പറപ്പാടം<br>14. കോടന്നൂർ കോൾ<br>15. പുല്ലഴി |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്നത് എന്ന് വിശദീകരിക്കുമോ; | (സി) | സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ പെടുത്തി 1710 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം (ഹെക്ടറിനു 5500/- രൂപ), ഇരുപ്പൂ കൃഷി നടപ്പിലാക്കൽ (ഹെക്ടറിനു 10000/- രൂപ), പ്രവർത്തനച്ചെലവ് (ഹെക്ടറിനു 360/- രൂപ) എന്നീ ഘടകങ്ങൾക്കായി 271.206 ലക്ഷം രൂപയും, പച്ചക്കറി വികസന പദ്ധതിപ്രകാരം 500 ഹെക്ടർ സ്ഥലത്തേക്ക് 150 ലക്ഷം രൂപയും, പയറുകൃഷി വികസന പദ്ധതി പ്രകാരം 765 ഹെക്ടർ സ്ഥലത്തേക്ക് 76.5 ലക്ഷം രൂപയും, സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിപ്രകാരം കുമ്മായം നൽകുന്നതിനു 2975 ഹെക്ടർ സ്ഥലത്തേക്ക് 160.65 ലക്ഷം രൂപയും (ആകെ 658.356 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ആയതു പ്രകാരം ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിക്കായി 03/12/2018 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 144/2018/അഗ്രി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിരുന്നു. ബാക്കി തുകയായ 5.58 കോടി രൂപയ്ക്കു വേണ്ടി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| (ഡി) | പമ്പിംഗ് സബ്സിഡിയിൽ എന്തെങ്കിലും വർദ്ധനവ് ഇതിന്റെ ഭാഗമായി വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കുമോ? | (ഡി) ഇതിന്റെ ഭാഗമായി പമ്പിങ് സബ്സിഡിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.<br>എന്നാൽ 2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിന്റെയും പ്രളയത്തിന്റെയും പ്രത്യേക സാഹചര്യത്തിൽ കൃഷി ഇറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കി പമ്പിങ് സബ്സിഡി നൽകുന്നതിനും തൻ കൊല്ലത്തെ (തൻ സീസൺ) കൃഷിക്ക് പമ്പിങ് സബ്സിഡി നൽകുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. (സ.ഉ (കൈ) നം.111/2018/അഗ്രി തീയതി 4/9/2018). കൂടാതെ കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിങിനു നൽകുന്ന അതേ നിരക്കു തന്നെ (പുഞ്ച കൃഷിക്ക് 1800/- രൂപയും രണ്ടാം വിളയ്ക്ക് ഏക്കറിനു 1900/- രൂപയും) പാടശേഖര സമിതി/ കർഷകർ സ്വന്തമായി നടത്തുന്ന പമ്പിങ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ